# 13-ാം കേരള നിയമസഭ

## 11-ാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.537

(10.06.2014 -ൽ മറുപടി നൽകേണ്ടത് )

ചോദ്യം | ഉത്തരം

ശ്രീ. റ്റി.വി.രാജേഷ്

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പഴയങ്ങാടിയിൽ ട്രഷറി കെട്ടിട നിർമ്മാണത്തിന് ഇൻകലിനെ നിയമിച്ചിരുന്നുവെങ്കിലും ഇതുവരെ നിർമ്മാണം ആരംഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഉണ്ട്. |
| (ബി) | കെട്ടിട നിർമ്മാണം ഇൻകലിൽ നിന്നും മാറ്റി ഏതെങ്കിലും ഏജൻസിയെ ഏല്പിച്ചിട്ടുണ്ടോ? | കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പഴയങ്ങാടിയിൽ ട്രഷറി കെട്ടിട നിർമ്മാണത്തിന് 27.01.2011 - ലെ സ.ഉ.(സാധാ)നം.613/11/ധന പ്രകാരം 56.47 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു കൊണ്ട് ഗവൺമെന്റ് അംഗീകൃത ഏജൻസിയായ ഇൻകലിനെ കൊണ്ട് ചെയ്യിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മേൽ ട്രഷറിയുടെ നിർമ്മാണം ഇൻകൽ ഉപേക്ഷിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പൊതുമരാമത്തു വകുപ്പിനെ ഏല്പിക്കുന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എത്ര രൂപയാണ് പ്രസ്തുത കെട്ടിടത്തിന് ഉത്തരവായിട്ടുള്ളത്? | |
| (ഡി) | കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും? വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ